"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർക്ക് "Globe ON Channel" എന്ന ദൃശ്യ മാധ്യമത്തിൽ പ്രതിവാര പ്രോഗ്രാമിൽ മോട്ടിവേഷൻ സെഷൻ അവതരിപ്പിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

---

**വ്യവസായ(ജി) വകുപ്പ്**

സ.ഉ.(സാധാ) നം.976/2026/ID തീയതി,തിരുവനന്തപുരം, 19-08-2026

---

പരാമർശം:- ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 25.06.2026 ലെ FIT/MDO/04/2026-27/651 നമ്പർ കത്ത്

**ഉത്തരവ്**

"Globe ON Channel" എന്ന ദൃശ്യ മാധ്യമത്തിൽ പ്രതിവാര പ്രോഗ്രാമിൽ ഒരു മോട്ടിവേഷൻ സെഷൻ അവതരിപ്പിക്കുന്നതിന് ക്ഷണം ലഭിച്ചിരിക്കുന്നു എന്നും, ആയതിനാൽ മേൽ ചാനലിൽ പ്രതിവാര പ്രോഗ്രാം അവതരിപ്പിക്കുന്നതിനുള്ള അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സിനിമ, നാടകം, ടെലിവിഷൻ പരിപാടികൾ എന്നീ പ്രവർത്തികളിൽ സ്ഥിരമായി ഏർപ്പെടുന്നതിനായി ഒരു പൊതു അനുമതി നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. എന്നാൽ "Globe ON Channel" എന്ന ദൃശ്യ മാധ്യമത്തിൽ, ഔദ്യോഗിക കൃത്യനിർവ്വഹണത്തിനു ഭംഗം വരാതെയും, പ്രതിഫലം കൈപ്പറ്റാതെയും, സർക്കാരിനെയോ സർക്കാരിന്റെ പദ്ധതികളെയോ വിമർശിക്കാതെയും, അർഹതപ്പെട്ട അവധി അനുവദിച്ചു ലഭിച്ച ശേഷം മാത്രം പ്രതിവാര പ്രോഗ്രാം, അവതരിപ്പിക്കുന്നതിന് ഫോറസ്റ്റ്

ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറായ ശ്രീ.അഫ്സൽ അലി.കെ-യ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

അഡീഷണൽ ചീഫ് സെക്രട്ടറി

മെമ്പർ സെക്രട്ടറി, ബോർഡ് ഫോർ പബ്ലിക് ട്രാൻഫർമേഷൻ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, ആലുവ.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Digitally signed by
Shabna N
Date: 20-08-2026
12:54:13

സെക്ഷൻ ഓഫീസർ